(ബി) തീർത്ഥാടനവുമായി ബന്ധപ്പെട്ട സ്പെഷ്യൽ സർവ്വീസുകൾ 20-1-2004 വരെയുള്ളതിനാൽ ഇതിനു ശേഷമേ കണക്കുകൾ ലഭ്യമാക്കുകയുള്ളൂ.

പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ നടപടി

129 [519] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലെ ട്രാഫിക് പരിഷ്കാരം നടപ്പാക്കാത്തതുമൂലം നഗരത്തിൽ ഗുരുതരമായ ഗതാഗതക്കുരുക്ക് ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ ട്രാഫിക് സംവിധാനത്തിനുവേണ്ട റോഡ് മുതലായ പശ്ചാത്തല സൗകര്യങ്ങൾ നഗരസഭ ഒരുക്കിയിട്ടും പരിഷ്കാരം നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) പെരുമ്പാവൂരിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ സ്വീകരിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രാഫിക് പരിഷ്കാരം സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നാറ്റ്പാക്ക് റിപ്പോർട്ട് നൽകിയിട്ടില്ല.

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മൂവാറ്റുപുഴ റീജിയണൽ ട്രാൻസ്പോർട്ട് അതോറിറ്റിയാണ് തീരുമാനം എടുത്ത് നടപ്പിലാക്കേണ്ടത്.

സ്വകാര്യ വാഹന ഉടമകളിൽ നിന്നും സെസ്സ് പിരിക്കുന്ന നടപടി

130 [520] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ വാഹന ഉടമകളിൽനിന്നും സെസ്സ് പിരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly